# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 241 — 06.10.2016-ന് മറുപടിയ്ക്ക്

### പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അൻവർ സാദത്ത്<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, വി.ടി.ബൽറാം<br>,, വി.എസ്. ശിവകുമാർ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്നതിൽ യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. പുതിയ കേന്ദ്ര സ്ഥലമെടുപ്പ് നിയമം 01.01.2014-ൽ നിലവിൽ വന്നു. മുൻ നിയമം റദ്ദാക്കിയിട്ടുണ്ടെങ്കിലും പുതിയ നിയമം സെക്ഷൻ 24 പ്രകാരം സ്ഥലമെടുപ്പ് നടപടികൾ തുടർന്നുകൊണ്ടിരുന്ന കേസ്സുകളിൽ അവാർഡ് പാസ്സാക്കി ഏറ്റെടുത്തിട്ടില്ലായെങ്കിൽ പുതിയ എൽ.എ.ആർ.ആർ നിയമ പ്രകാരം ഭൂമി വില നിശ്ചയിച്ച് നഷ്ടപരിഹാരത്തുക പരിഷ്കരിക്കേണ്ടതാണ്. 01.01.2014-ന് മുമ്പ് ഭൂമി മുൻകൂർ ഏറ്റെടുക്കുകയോ അവാർഡ് പാസ്സാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ മുൻ നിയമപ്രകാരം നടപടി പൂർത്തിയാക്കേണ്ട താണ്. |
| ബി) ഒരു ജില്ലയിൽ പരമാവധി ഏറ്റെടുക്കാവുന്ന ഭൂമിയുടെ പരിധി എത്രയായാണ് നിശ്ചയിച്ചിട്ടുള്ളത്; | ബി) ഒരു ജില്ലയിൽ പരമാവധി ഏറ്റെടുക്കേണ്ട ഭൂമിയുടെ പരിധി നിയമത്തിൽ നിശ്ചയിച്ചിട്ടില്ല. |
| സി) പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹിക ആഘാതപഠനം നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; | സി) പുതിയ നിയമം എൽ.എ.ആർ.ആർ ആക്ട് 2013-ലെ സെക്ഷൻ 4-9 വരെ സാമൂഹിക പ്രത്യാഘാതവും പൊതു ആവശ്യവും പഠന വിലയിരുത്തൽ നടത്താൻ നിയമം നിഷ്കർഷിക്കുന്നു. എന്നാൽ ടി ആക്ടിലെ സെക്ഷൻ 40-ന്റെ പരിധിയിൽ വരുന്ന |

പ്രതിരോധ സംരക്ഷണം, ദേശീയ സുരക്ഷ, പാർലമെന്റ് അനുമതി തുടങ്ങിയ ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കൽ നടപടിയിൽ സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം ബാധകമല്ല.

| | | |
|---|---|---|
| ഡി) | ജില്ലാ തലത്തിലോ സംസ്ഥാന തലത്തിലോ പ്രസ്തുത പഠനത്തിനായി സമിതി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുക? | ഡി) 29.06.2016-ലെ ജി.ഒ(പി) 376/2016/ആർ.ഡി, ജി.ഒ (പി) 377/2016/ആർ.ഡി എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം 200 ആർസ് വരെയുള്ള ഭൂമി പൊന്നുംവില യ്ക്കെടുക്കുന്നതിനും, സാമൂഹിക ആഘാത പഠനത്തിനുവേണ്ടി ഏജൻസിയെ പാനൽ ചെയ്യുന്നതിനും, ടി റിപ്പോർട്ട് വിലയിരുത്തലിനുവേണ്ടി വിദഗ്ധ ഗ്രൂപ്പിനെ രൂപീകരിക്കുന്നതിനും ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. 200 ആർസ് ഭൂമിയിൽ കൂടുതലുള്ള കേസ്സുകളിൽ സർക്കാർ തലത്തിലാണ് നടപടികൾ സ്വീകരിക്കുന്നത്. പൊതു ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹിക ആഘാത പഠനം നടത്തുന്നതിന് സംസ്ഥാന തലത്തിൽ / ജില്ലാ തലത്തിൽ സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ